jaagrathayude
Keraleeyam
2014 October/November
Rs. 25/-

കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# പരിസ്ഥിതി: മൂന്ന് കടമ്പകൾ

പ്രകൃതി നശീകരിക്കപ്പെടുന്നുവെന്നത് തർക്കമില്ലാത്ത വിധം ഏവരും അംഗീകരിച്ച് കഴിഞ്ഞു. സംരക്ഷണ കാര്യത്തിലാണ് വിയോജിപ്പുകൾ. ഇന്ത്യയിൽ വികസനം വേണ്ടേ എന്നതാണ് പ്രധാന ചോദ്യം. നർമ്മദാ ബചാവോ ആന്തോളന്റെ ഒരു പ്രധാനമുദ്രാവാക്യം വികാസ് ചാഹിയേ, വിനാശ് നഹീ ഹേ എന്നാണ്. വികസനം വേണ്ട എന്നല്ല, വിനാശം പാടില്ല എന്നാണ് ഊന്നൽ. അഭിവൃദ്ധിയും പുരോഗതിയും എല്ലാവർക്കും ഉറപ്പാക്കേണ്ടതുണ്ട്. അതിൽ തർക്കമില്ല. ഒടുങ്ങാത്ത ആർത്തി മനുഷ്യർക്കല്ലാതെ മറ്റൊരു മൃഗത്തിനും ഇല്ല എന്ന നിരീക്ഷണം വികസനവാദികൾക്ക് ഏറെ ചേർന്നതാണ്. വികസനത്തിന് പകരം ക്ഷേമമാണ്, ക്ഷേമരാഷ്ട്രമാണ് നമ്മുടെ നാടിന്റെ പൈതൃകം. അതാണ് തുടരേണ്ടതും. അപ്പോൾ വിനാശ് നഹീ ഹേ എന്നതാണ് പരിഗണിക്കപ്പെടുക. ഇന്ന് ചിലരുടെ മാത്രം വികസനമാണ് നടക്കുന്നത്. അതല്ലാതെ ബഹുജന സുഖായ ആണ് അത്യാവശ്യം.

കേരളിത്തിൽ ഏറെക്കാലമായി നടന്നു വരുന്ന പ്രതിഷേധങ്ങളും സമരങ്ങളും പ്രകൃതിയുമായി ബന്ധപ്പെട്ടതാണ്. തലചായ്ക്കാൻ ഇടം കിട്ടാനും അന്നത്തിനും അറിവിനും അഭിമാനത്തിനും വേണ്ടി നടക്കുന്ന മനുഷ്യാവകാശ സമരങ്ങളും ശുദ്ധവായു, ശുദ്ധജലം, ശുദ്ധമായമണ്ണ്, ശുദ്ധമായ മനസ്സ് ഇവയ്ക്കു വേണ്ടിയുള്ള ഒട്ടേറെ സംഘം ചേരലുകളും നിരന്തരം നടക്കുന്നുണ്ട്. അതെല്ലാം മനുഷ്യ-പ്രകൃതി ബന്ധങ്ങളെ പുനർനിർണ്ണയിക്കുന്നവ കൂടിയാണ്. ഇതിൽ തന്നെ പ്രകൃതി നശീകരണത്തിനെതിരെയുള്ള ചെറുത്തു നിൽപ്പുകൾ കുറവാണ്. ഒരു പ്രശ്നം തദ്ദേശീയരെ ബാധിക്കും വിധമാവുമ്പോഴാണ് പ്രതിഷേധം രൂപപ്പെടുന്നത്. ദുരിതബാധിതരുടെ സമരങ്ങളാണ് മിക്കവാറും പരിസ്ഥിതി സമരങ്ങളായി വ്യാഖ്യാനിക്കപ്പെടാറുള്ളത്.

ശുദ്ധമായ പ്രകൃതിപ്രേമത്താൽ നടക്കുന്ന കൂട്ടായ്മകൾ തുലോം കുറവാണെന്ന് തന്നെ കാണാം. പ്രകൃതി കൃഷിയെ വിസ്മരിക്കുന്നില്ല. എങ്കിലും പ്രകൃതിയെ പരിഗണിക്കുന്ന ഒരു തലം എവിടേയും സാവധാനം രൂപപ്പെടുന്നുണ്ട്. ഇത്തരം ഒത്തുകൂടലകൾ, പ്രതിഷേധങ്ങൾ തടയപ്പെടുന്നത് കക്ഷിരാഷ്ട്രീയം കടന്നുവരുമ്പോഴും, മറ്റുകള്ളക്കളികളിൽ സമരങ്ങൾ ഒതുക്കപ്പെടുമ്പോഴുമാണ്. അതിനുമപ്പുറത്തേക്ക് പോകുന്ന പ്രതിഷേധങ്ങളെ ബ്രിട്ടീഷ് സർക്കാർ ചെയ്തപോലെ തടയുന്ന ചില ശക്തികൾ ഇവിടെ നിലനിൽക്കുന്നുണ്ട്. ഒന്ന്: പൊല്യൂഷൻ കൺട്രോൾ ബോർഡ്. രണ്ട്: ജിയോളജി വകുപ്പ്. മൂന്ന്: പോലീസ് വകുപ്പ്. പൊല്യൂഷൻ കൺട്രോൾ ബോർഡ് കൺട്രോൾ തെറ്റിയ വകുപ്പാണ്. അത് ഏകപക്ഷീയമായി പ്രകൃതി നശീകരണത്തിന് കൂട്ടുനിൽക്കുന്നു. പോല്യൂഷൻ ബോർഡാണത്. ഇവരുടെ രേഖകളാണ് നീതി പീഠത്തിലെത്തുന്നതും, സമരങ്ങൾക്കെതിരായ വിധികൾക്ക് അനുകൂലമായി മാറുന്നതും. ജിയോളജി ധാരാളം സൂക്ഷ്മ പഠനം ആവശ്യമുള്ളതാണ്. ഏതുവിധേനയും വ്യാഖ്യാനിക്കപ്പെടാവുന്നതുമാണ്. മണലൂറ്റാനും മൈനിങ്ങിനും സമ്പൂർണ്ണ സമ്മതിയാണ് അവർ ഇന്ന് നൽകുന്നത്. പ്രകൃതിരക്ഷാ പദ്ധതികളില്ലാത്ത മാറിമാറി വരുന്ന സർക്കാരുകൾക്ക് അവരുടെ നയങ്ങൾക്കനുസരിച്ചുള്ള ശാസ്ത്രീയ പഠനവും, പരിസ്ഥിതി ആഘാത പഠനവുമാണ് ഇവരുടെ പ്രധാന ജോലി. ഇനി പോലീസാണ്. ഈ ഫോഴ്സ് രൂപം കൊള്ളുന്നതുതന്നെ ബ്രിട്ടീഷ് വാഴ്ച നിലനിർത്താനുള്ള മസിൽ പവറായാണ്. സ്വാതന്ത്ര്യാനന്തരം ഇവർ സേവന സേനയാകേണ്ടതായിരുന്നു. പുതിയ അധികാരവർഗ്ഗം തങ്ങളുടെ വരുതിയിൽ നിർത്തി എതിർ ശബ്ദങ്ങളെ ഒതുക്കാൻ ഈ ഫോഴ്സ് ഉപയോഗിച്ചു. കേരളത്തിലും പ്രബുദ്ധരാഷ്ട്രീയം ഇതിന് കൂട്ടുനിന്നു. ഇരകളുടെ, ജനങ്ങളുടെ ന്യായമായ സംഘം ചേരലുകളെ, പ്രതിഷേധങ്ങളെ മുതലാളിക്ക് വേണ്ടി കോൺട്രാക്റ്റർക്കു വേണ്ടി, കോർപ്പറേറ്റുകൾക്കു വേണ്ടി സംരക്ഷിക്കാൻ ഇവരെ ഉപയോഗിച്ചുവരുന്നു. കക്ഷിരാഷ്ട്രീയവും, മാറിമാറി വരുന്ന ഗവർമെന്റുകളും ആവുംവിധം ഈ ഫിസിക്കൽ ഫോഴ്സ് മുതലെടുക്കാറുണ്ട്. സ്വന്തം നെഞ്ചിലേക്ക് നീണ്ടിട്ടുപോലും ഇവരുടെ ഹിംസയുടെ കരങ്ങളെ നിർവീര്യമാക്കാനോ നിരായുധരാക്കാനോ ആരും ശ്രദ്ധിക്കാറില്ല. കാതികുടം സമരത്തിൽ ഈ പോലീസ് ഫോഴ്സ് ചെയ്തതെന്തെന്ന് നാം കണ്ടതാണ്. സമരം ചെയ്തവരാണ് ശരിയെന്ന് കാലം തെളിയിക്കും. സമരത്തെ തകർക്കാൻ പോലീസ് ഫോഴ്സ് കൂട്ടുനിൽക്കുകയായിരുന്നില്ലേ ഇവിടെ?എന്നിട്ടുമെന്തേ പരിസ്ഥിതി പ്രവർത്തകർ ഇക്കാര്യം വേണ്ടത്ര പരിഗണിക്കുന്നില്ല. പോലീസിനെ ശിക്ഷിക്കേണ്ടേ? മംഗലം ഡാമിലും ചെറുതുരുത്തിയിലും പത്തനംതിട്ടയിലും ഇവരല്ലേ സമരം തകർക്കാൻ മുന്നിൽ നിൽക്കുന്നത്. ഈ മൂന്നുകൂട്ടരാണ് ഇന്ന് കേരളത്തിലെമ്പാടും ഇന്ന് നടക്കുന്ന സമരങ്ങളെ തകർക്കുന്നത്.

പ്രകൃതിയെ നശിപ്പിക്കുന്നത്, ഹരിതകം നശിപ്പിക്കുന്നത്, ക്വാറി, മണൽ, മണ്ണ്, ബിൽഡിങ്ങ്, വാഹന, വ്യവസായമാഫിയകളാണ്. പിന്നെ ബഹുരാഷ്ട്രകമ്പനികളും. ഇവരെ നിയന്ത്രിക്കാൻ ഒരു പരിധിവരെ ദുരിതബാധിതർക്കാകും. അതിന് മുമ്പ് സൂചിപ്പിച്ച ത്രികക്ഷികളെ നിലക്കുനിർത്താൻ കഴിയണം. ത്രികക്ഷികളുടെ പ്രവർത്തികളെ സുതാര്യമാക്കണം. പോലീസിനെ ജുഡീഷ്യറിക്കു കീഴിലാക്കി ജനാധിപത്യപരമാക്കണം. സമാന്തര പാഠങ്ങളും അഴിമതിയുടെ തുറന്നുകാട്ടലും വഴി വകുപ്പുകളെ നിയന്ത്രിക്കാനാകും. അല്ലാത്ത പരിസ്ഥിതി സ്നേഹം കവികൾക്കും ശാസ്ത്രകാരന്മാർക്കും വിട്ടുകൊടുക്കാം. ദുരിതബാധിതർക്ക്, ജനങ്ങൾക്ക് പുതിയ കാലത്തിന്റെ പരിസ്ഥിതി ഭാഷ്യം കണ്ടെത്തേണ്ടതുണ്ട്. അനുഭവങ്ങളിൽ നിന്ന് പഠിക്കാത്തവരെന്ന് കാലം ആക്ഷേപിക്കാതിരിക്കാൻ കൂടി ഇത് ആവശ്യമാണ്. പരിസ്ഥിതി സമരങ്ങൾ, പ്രകൃതിയുടെ സുസ്ഥിരതയ്ക്കായുള്ള ശ്രമങ്ങൾ സൂക്ഷ്മ രാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ്. അതിനാൽ വിവേകത്തോടെയുള്ള ഹരിതരാഷ്ട്രീയം ഉയർന്നുവരേണ്ടതുണ്ട്. അതിനുള്ള വഴികൾ ആലോചിക്കാത്ത പരിസ്ഥിതി വാദം കാലഹരണപ്പെട്ടതാണ്. ജൂൺ അഞ്ചിനായി കാത്തിരിക്കുന്നവർക്ക് അത് തിരിച്ചേൽപ്പിക്കാം. ഗ്രീൻസല്യൂട്ട്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com